# ഉത്തരാധുനികതയുടെ ഉന്മത്തലാവണ്യങ്ങൾ

**ഡോ. ഗംഗാദേവി എം.**
അസ്സി. പ്രൊഫസർ, മലയാളവിഭാഗം, കെ.കെ.ടി.എം ഗവൺമെന്റ് കോളേജ്, പുല്ലൂറ്റ്.

1960 മുതൽ 90 വരെയുള്ള കാലഘട്ടം മലയാളസാഹിത്യത്തിൽ ആധുനികതയുടെ പ്രത്യയശാസ്ത്രപരമായ സ്വാധീനം ശക്തമായിരുന്ന കാലമായിരുന്നു. 1980-കൾക്കുശേഷംതന്നെ ആധുനികതയ്ക്ക് മാറ്റം വരാൻ തുടങ്ങുകയും ആധുനികോത്തരത എന്ന പ്രയോഗം പ്രബലമായിത്തീരുകയും ചെയ്തിരുന്നു. ആധുനികതയ്ക്കുശേഷം വന്നത് എന്ന അർത്ഥത്തിലാണ് ആധുനികോത്തരത എന്ന് പ്രയോഗിച്ചത്. ആധുനികതയുടെ മറ്റൊരു രൂപം മാത്രമായിരുന്നു ആധുനികോത്തരത. എന്നാൽ 1990 കൾക്കുശേഷം കേരളീയജീവിതത്തിൽ വൻകുതിപ്പുകളാണുണ്ടായത്. സാങ്കേതികവിദ്യയുടെ വളർച്ച, സാമ്പത്തികസ്ഥിതിയിലുണ്ടായ പരിവർത്തനം എന്നിവ ലോകത്തിലെ ഏതുസൗകര്യവും സ്വന്തമാക്കാൻ ശരാശരി മലയാളിയെ പ്രാപ്തനാക്കി. ഈ ഒരു സാഹചര്യം സാഹിത്യത്തെ കാര്യമായി സ്വാധീനിച്ചു. പട്ടിണിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും ജാതി ഉച്ചനീചത്വങ്ങളും അനുഭവിച്ച ഒരു തലമുറയിൽനിന്ന് സുഖഭോഗങ്ങളുടെ നടുവിൽ കഴിയുന്ന തലമുറയിലേക്കു വന്നപ്പോൾ കവിത അടിമുടി മാറിപ്പോയതായി കാണാം. എല്ലാത്തരം സാങ്കേതികവിദ്യയും പ്രയോഗിക്കുന്നവനാണ് ഉത്തരാധുനികകവി.

"ഉത്തരാധുനികമലയാളസാഹിത്യം അഭിമുഖീകരിക്കുന്നത് ആധുനികതയിൽനിന്നു വ്യത്യസ്തമായ കേരളത്തെയാണ്, ഇന്ത്യയെയും ലോകത്തെയും. മരുന്നില്ലാത്ത സർക്കാർ ആശുപത്രികളും ആദായമില്ലാത്തതിനാൽ പൂട്ടിപ്പോകുന്ന സർക്കാർ വിദ്യാലയങ്ങളും സാമാന്യനിലവാരം പോലുമില്ലാത്ത റോഡുകളും അഴിമതി നിറഞ്ഞ ഉദ്യോഗസ്ഥസംവിധാനവും ഭരണസംവിധാനവും കൈക്കൂലി കൊണ്ടുമാത്രം

അധ്യാപകനിയമനം സാധ്യമാകുന്ന അവസ്ഥയും സർവ്വകലാശാലകളുടെ നിലവാരത്തകർച്ചയുമെല്ലാം ഒരു വശത്തുള്ളപ്പോൾത്തന്നെ മറുവശത്ത് ഏറ്റവും പുതിയ സാങ്കേതികവിദ്യയും ഉപഭോഗസാമഗ്രികളും ദേശാന്തരയാത്രാ സൗകര്യവും മറുനാടൻ തൊഴിലവസരവും ഫാഷനും ലഭ്യമാവുന്നു. വൈരുദ്ധ്യസങ്കരമായ ഈ സ്ഥിതിയിലാണ് ഉത്തരാധുനികഎഴുത്തുകാർക്ക് സാഹിത്യനിർമ്മാണം നടത്താനുള്ളത്; സ്വതന്ത്രരായ സാമൂഹികപ്രവർത്തകർക്കും ചിന്തകർക്കും വിമർശകർക്കും പ്രവർത്തിക്കാനുള്ളതും. സാങ്കേതികമായ അതിവേഗം മാത്രമല്ല, പ്രത്യയശാസ്ത്രപരമായ അനിശ്ചിതത്വവും സാമൂഹികമായ അരക്ഷിതത്വവും അതു നേരിടുന്നു. ഉപഭോഗാസക്തിയും ശക്തമായി തിരിച്ചുവരുന്ന ജാതിബോധവും ഭീഷണാകാരമായി നിൽക്കുന്നു. മതമൗലികവാദവും സാമുദായികപ്രീണനവും ജാതിമതരാഷ്ട്രീയവും സങ്കുചിതമായിത്തീരുന്ന സ്വത്വരാഷ്ട്രീയവും പാർട്ടികൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും മാധ്യമങ്ങൾക്കും വഴങ്ങിനിന്ന് എഴുത്തുകാർ സൃഷ്ടിച്ച സാഹിത്യസ്ഥാപനവും അത് അഭിമുഖീകരിക്കുന്നു, മറ്റനേകം പ്രതിസന്ധികൾക്കൊപ്പം."[1] ഇപ്രകാരം വളരെ സങ്കീർണ്ണവും അസ്വസ്ഥവുമായ മനസ്സുള്ളവരാണ് ഉത്തരാധുനികർ. എല്ലാമുണ്ടെങ്കിലും ഒന്നുമില്ലെന്ന അവസ്ഥയാണ് ഉത്തരാധുനിക കാലത്തുള്ളത്. രൂപപരമായും ഭാവപരമായും ആവിഷ്കരണപരമായും വിസ്ഫോടനാത്മകമായ ചിന്തകളാണ് ഉത്തരാധുനികന്റേത്. രൂപത്തെ ലംഘിക്കാനും ആഖ്യാനം വ്യത്യസ്തമാക്കാനും ശ്രമിക്കുന്നു അവർ. "ചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും പുനർവായനകൾ, ഉപഭോഗാസക്തിക്കു മുന്നിൽ വിലയില്ലാതായിത്തീർന്ന ചരിത്രത്തോടുള്ള ഗൃഹാതുരത്വം, പ്രത്യയശാസ്ത്രപ്രാമാണ്യം, തിരസ്കരിക്കൽ, ലിബറലിസത്തോടുള്ള സംഘർഷം, സാങ്കേതിക വികാസത്തോടുള്ള പ്രതിരോധം, സാങ്കേതികത്വത്തിന്റെ ആഘോഷം, മറ്റു മാധ്യമങ്ങളുടെ ആവിഷ്കാരരീതികൾ സ്വീകരിക്കൽ, ശൈലീമിശ്രണം, സാംസ്കാരിക സന്ദേഹം, ചരിത്രത്തെക്കുറിച്ചുള്ള വ്യവസ്ഥാപിത സങ്കല്പങ്ങളിലുള്ള അവിശ്വാസം, വസ്തുനിഷ്ഠതയോടുള്ള അവിശ്വാസം തുടങ്ങിയ ഒട്ടേറെ സ്വാഭാവവിശേഷങ്ങൾ ഉത്തരാധുനികതയ്ക്കുള്ളതായി ഡോ. പി.കെ രാജശേഖരൻ അഭിപ്രായപ്പെടുന്നു".[2] സാമൂഹ്യമായി നിലനിൽക്കുന്ന എല്ലാത്തരം പ്രത്യേകതകളെയും അവധാനതയോടെ ആവിഷ്കരിക്കുവാൻ ഉത്തരാധുനിക എഴുത്തുകാർ ശ്രദ്ധിക്കുന്നു.

---

1. ഡോ. പി.കെ. രാജശേഖരൻ—ഏകാന്ത നഗരങ്ങൾ: ഉത്തരാധുനിക മലയാള സാഹിത്യത്തിന്റെ സൗന്ദര്യ ശാസ്ത്രം—ഡിസിബുക്സ്,കോട്ടയം,2015.പു. 23.
2. അതേ പുസ്തകം - പു. 23

“അർത്ഥത്തിന്റെ ആഴത്തേക്കാൾ ഉപരിതലബിംബങ്ങൾക്കുള്ള പ്രാധാന്യം, ക്ഷണഭംഗുരത്വത്തിന്റെ ആഘോഷം, ആധികാരികമായ ഏകശൈലിക്കു പകരം വ്യത്യസ്തമായ ശൈലികളും പരസ്പരബന്ധമില്ലാത്ത വസ്തുതകളും മൊണ്ടാഷും ഉപയോഗിക്കൽ, ഒരു ആശയത്തിന്റെ ആവിഷ്കാരത്തിൽ മുറുകെപ്പിടിക്കാതിരിക്കൽ തുടങ്ങിയവ അതിന്റെ ഭാഗമാണ്. സ്വരബഹുലതയും തുടർച്ചാരാഹിത്യവും അവിടെ കാണാം. യുക്തിയുടെയും പുരോഗതിയുടെയും മഹാഖ്യാനത്തിനുപകരം അവ്യവസ്ഥിതത്വത്തിലാണ് ഉത്തരാധുനികത ഊന്നുന്നത്. ടെലിവിഷനിലെ ബിംബസങ്കുലമായ പരിപാടികളും പരസ്യങ്ങളും സാഹിത്യവും സിനിമയും ഇൻസ്റ്റലേഷൻ സമ്പ്രദായത്തിലെ ചിത്രശില്പകലയും വാസ്തുവിദ്യയുമെല്ലാം ഈ പുതിയ സൗന്ദര്യബോധത്തിന്റെ മാതൃകകളായി നമുക്ക് മുന്നിലുണ്ട്. സ്ഥലകാലസങ്കോചം സംഭവിച്ചുകൊണ്ടിരിക്കുന്ന, ദൂരം എന്ന ആശയം തന്നെ ചുരുങ്ങിക്കൊണ്ടിരിക്കുന്ന, ഉപഗ്രഹവിനിമയത്തിലൂടെ ലോകമെങ്ങും ഇമേജുകൾ വിതരണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന, ഉപഭോഗസംസ്കാരം വ്യാപകമാവുന്ന, ആഗോള മുതലാളിത്തത്തിന്റെ താൽപര്യങ്ങൾക്ക് പ്രത്യയശാസ്ത്രങ്ങളും സ്ഥാപനങ്ങളും കീഴടങ്ങുന്ന പുതിയ കാലാവസ്ഥയിൽ ഉരുത്തിരിഞ്ഞു വരുന്ന വിമർശനാത്മകമായ ഭാവുകത്വമാണത്.”[3] എന്ന് ഡോ. പി.കെ. രാജശേഖരൻ ഉത്തരാധുനികതയെക്കുറിച്ച് പറഞ്ഞിരിക്കുന്നത് അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമാണ്.

പുതിയ ലോകത്തിന്റെ, പുതിയ കാലത്തിന്റെ ഭാവുകത്വം സൃഷ്ടിച്ച കലാകാരന്മാർ അവരുടെ സൃഷ്ടികളിൽ തങ്ങളുടേതായ അടയാളങ്ങൾ രേഖപ്പെടുത്തി. എല്ലാ മേഖലകളെയും തങ്ങളുടെ രചനയിൽ കൊണ്ടുവരാൻ അവർ ശ്രമിച്ചു. നിഷ്ഠുരമായ വിമർശനങ്ങൾക്കുപോലും അവർ തോറ്റുകൊടുക്കുന്നില്ല. ബിംബങ്ങളിലൂടെയും ഭാഷയിലൂടെയും ആഖ്യാനത്തിലൂടെയും സ്വയം നവീകരിച്ചുകൊണ്ടേയിരുന്നു. വൈയക്തികവും സാമൂഹികവുമായതലങ്ങളെ ഒരുമിപ്പിച്ചു. രണ്ടും രണ്ടായിട്ടല്ല ഒന്നായിട്ടാണ് അവർ ആവിഷ്കരിച്ചത്. തന്റെ ഓരോ രചനയും വ്യത്യസ്തമാക്കാൻ ബോധപൂർവ്വം ശ്രമിച്ചു. സൈബർ ലോകത്തിലൂടെ വളർന്നു. അങ്ങനെ കവിതയും സാങ്കേതികതയുടെ വലയത്തിലൂടെ ചാടിക്കളിച്ചു. പരുവപ്പെട്ടു. ശില്പീകൃതമാക്കപ്പെട്ടു. പരീക്ഷണങ്ങൾക്കിരയായി.

കാലത്തിന്റെയും സമൂഹത്തിന്റെയും അടയാളപ്പെടുത്തലുകളായ സാഹിത്യം എന്നും പരീക്ഷണത്തിന്റെ വഴികളിലാണ്. വിവരസാങ്കേതികവിദ്യയുടെയും പുതിയ സാമ്പത്തികഘടനയുടെയും ഇടപെടലുകളും

3. അതേ പുസ്തകം - പു 24.

വളർച്ചയുംകൊണ്ട് സൃഷ്ടിക്കപ്പെട്ട ഉപഭോഗസംസ്കാരം എല്ലാ മേഖലകളെയും തീവ്രമായി ബാധിച്ചു.തത്ഫലമായി സാഹിത്യത്തിലും പരിവർത്തനങ്ങൾ ഉണ്ടായി. ഈ മാറ്റങ്ങൾ നേരത്തേതന്നെ അനുഭവിച്ചവരാണ് പ്രവാസി മലയാളികൾ. നമ്മൾ കാണും മുമ്പ് ലോകത്തെ കണ്ടവർ. ഇപ്പോൾ നമ്മെ നോക്കിച്ചിരിക്കുന്നവർ. അവർ പ്രവാസികൾ ആണെന്നിരിക്കിലും സാഹിത്യത്തെയും ഭാഷയെയും വളരെ ഗൗരവമായി കാണുകയും തന്റെ സ്വത്വത്തെ കുറിച്ചിടാനുള്ള ഇടമായി സാഹിത്യത്തെ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. പ്രത്യേകിച്ചും ഗൾഫ് മലയാളികൾ.

അന്യദേശത്തിരുന്നുകൊണ്ട് സ്വന്തം നാടിനെ കാണുകയും അവനവന്റെ ഉള്ളിലെ പേച്ചുകൾ അതേ ഭാവതീവ്രതയോടെ, ഗൃഹാതുരതയോടെ പകർത്തുകയും ചെയ്യുന്നവരാണ് മറുനാടൻ മലയാളിഎഴുത്തുകാർ. ലോകത്തിന്റെ ഭൗതിക സാഹചര്യങ്ങൾ അനുഭവിക്കുകയും അതിൽ മുഴുകുകയും ചെയ്യുന്ന ഇവർ സ്വന്തം നാടിന്റെ മാറ്റങ്ങൾ ദൂരെനിന്ന് നോക്കിക്കാണുന്നു. സാംസ്കാരികമായും സാമ്പത്തികമായും സാമൂഹികമായും മാറിയ നമ്മുടെ നാടിന്റെ ഓരോ ഞരമ്പിലും അവിടത്തെ സാമൂഹിക രാഷ്ട്രീയജീവിതത്തെപ്പറ്റിയുള്ള ആശങ്കകളാണവർ കവിതയിലൂടെ പങ്കുവയ്ക്കുന്നത്. വളരെ ചെറുപ്പകാലത്തുതന്നെ തൊഴിൽതേടി രാജ്യാന്തരങ്ങളിൽ അലഞ്ഞ വ്യക്തിയാണ് ശ്രീ. രാജേഷ്ചിത്തിര. മൂന്ന് കവിതാസമാഹാരങ്ങൾ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 'ഉന്മത്തതകളുടെ ക്രാഷ്ലാന്റിംഗുകൾ', 'ടെക്വീല', 'ഉളിപ്പേച്ച്' എന്നിവയാണവ. ഇതിന്റെ തലക്കെട്ടുകൾ ശ്രദ്ധിച്ചാൽപോലും ഉത്തരാധുനികതയുടെ സൗന്ദര്യദർശനം കാണാം. ഉന്മത്തതയുടെ ക്രാഷ്ലാന്റിംഗാണ് ഇന്ന് ഓരോ എഴുത്തുകാരനും വ്യക്തികളും ആഗ്രഹിക്കുന്നത്. കവിതയിൽത്തന്നെ ഈ ഇടിച്ചിറക്കൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ എഴുത്തുകാർ വളരെയേറെ സമ്പന്നരാണ്. അതിനാൽ ഉയരങ്ങളിൽ നിന്നുള്ള ഒരു ഉന്മത്തതതന്നെയാണ് അത് പലപ്പോഴും. ബഷീറും തകഴിയും ലളിതാംബിക അന്തർജ്ജനവും ഒക്കെ അനുഭവിച്ച കഷ്ടതകളൊന്നും ഉത്തരാധുനിക കവി അറിയുന്നില്ല. മത്സരങ്ങൾക്കു മുന്നിൽ തോറ്റുകൊടുക്കാതിരിക്കാനാണ് പ്രവാസം അവർ സ്വീകരിച്ചത്.

സ്വയം സ്വീകരിച്ച ഈ തട്ടിനു മുകളിൽ നിന്നാണ് ഓരോ പ്രവാസിയും എഴുതുക. അതിൽ ജീവിതത്തിന്റെ കയ്പും മധുരവും പ്രതീക്ഷയുമുണ്ടായിരിക്കും. ലാളിത്യവും സങ്കീർണ്ണതയും ഉണ്ടാകും. കേരളത്തിന്റെ രാഷ്ട്രീയസ്ഥിതിഗതികൾ ഉണ്ടാവും. മാനുഷികചലനങ്ങൾ, മതം, സംസ്കൃതിയുടെ പരിണാമങ്ങൾ, സാഹിത്യാഭിരുചിയിൽ വന്ന വ്യത്യാസങ്ങൾ,

അതിനൊക്കെ ഉപരിയായി സ്വന്തം നാടിനെയും ജന്മദേശത്തെയും കുറിച്ചുള്ള മോഹങ്ങളും സ്വപ്നങ്ങളും വിഹ്വലതകളും ആശങ്കകളും കവിതയിലൂടെ പകരാൻ ശ്രമിക്കുന്ന രാജേഷ് ചിത്തിര. ഉന്മത്തതകളുടെ ക്രാഷ്‌ലാന്റിംഗുകൾ, ടെകീല, ഉളിപ്പേച്ച് എന്നീ കവിതാപുസ്തകങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ, ഉത്തരാധുനികതയുടെതായ ലാവണ്യങ്ങൾക്കൊപ്പം കാല്പനികതയും പ്രകൃതിയും പരിസ്ഥിതിയും രാഷ്ട്രീയ പൊള്ളത്തരങ്ങളും ആക്ഷേപഹാസ്യത്തിന്റെ ഭിന്നതലങ്ങളും ഭാഷയുടെയും ആഖ്യാനത്തിന്റെയും പൊളിച്ചെഴുത്തുകളും നമുക്ക് കണ്ടെത്താം.

ചരിത്രവും പാരമ്പര്യവും രാജേഷിന്റെ പല കവിതകളിലും ഗൃഹാതുരത്വമായ വ്യഥയായും സ്മൃതിയായും കടന്നുവരുന്നു. നാട്ടുപാതകളും നാട്ടുപൂക്കളും കവിയെ ഓർമ്മയുടെ കയത്തിൽ മുക്കുന്നു. ഓർമ്മക്കിണറിലേക്ക് കവി അറിയാതെ വീണുപോവുന്നു.

'കാലത്തൊമ്പതിനു ആരു വിളഞ്ഞൊരു
തെങ്ങിൻ കഴക്കോലിൽ കൊടിയേറ്റം
പാതിമയക്കത്തിനിടയിലെ ധ്യാനവും
ഏഴു മുറിവുകളും കഴിഞ്ഞു
മണി നാലാവുമ്പോൾ
പ്യൂൺസാറിന്റെ വിരൽത്തുമ്പിൽ തൂങ്ങി
എഡ്മ്മാഷിന്റെ മുറിയിലേക്ക് മാർച്ച് പാസ്റ്റ്
*—ഓർമ്മക്കിണർ*

ഉടൽ ശോഷിച്ച ഒരു മണിയെപ്പറ്റിയാണിവിടെ പരാമർശം. സ്കൂളിൽ ബെല്ലടിക്കുന്ന മണി. രാവിലെ ഒരു കഴക്കോലിൽ തൂക്കിയിടുന്നു. പിന്നെ ഏഴു പിരീഡുകൾക്കും ഓരോ മുറിവുകൾ. തന്റെ ഉടലിൽ അടിച്ചടിച്ച് അത് ശോഷിച്ചിരിക്കുന്നു. ഇതുതന്നെയാണ് ജീവിതവും. ഓരോ മുറിവുകളും ഓരോ സഹനങ്ങളായി ശോഷിക്കുന്നു. നാലുമണിപ്പൂക്കളും താമരയും ആമ്പലും ഒക്കെ ചാടിപ്പിടിക്കുന്ന ബാല്യം കവി ഓർക്കുന്നു.

ജൂണിന്റെ കണ്ണീരു നിറഞ്ഞ
ചെറുകുളങ്ങളിൽ വേരുകളിളകുന്ന
താമരയും ആമ്പലുകളും
*— ഓർമ്മക്കിണർ*

എന്ന പ്രയോഗം ശ്രദ്ധിക്കുക. ജൂൺമാസത്തിലെ മഴയും മഴക്കാലത്ത് പാവപ്പെട്ടവനുണ്ടാകുന്ന കണ്ണീരും ചോർച്ചയുള്ള വീടും ഈ വരികളിൽ ധ്വനിക്കുന്നുണ്ട്.

'മലങ്കോട്ടയം' എന്ന കവിതയിൽ സ്ഥലചരിത്രത്തിന്റെ രേഖാങ്കിതങ്ങൾ കാണാം. കേരളംതന്നെ സഹ്യപർവ്വതത്തിന്റെ താഴ്വാരത്തിൽ തുടങ്ങുന്ന പ്രദേശമാണ്. കവിയുടെ ചുറ്റുമുള്ള മലകളുടെ കോട്ടയാണ് ഇവിടെ പരാമർശിക്കുന്നത്. ഇടത്തും വലത്തും വലിയ മലയുണ്ട്. ശബരിമലയുണ്ട്. വേലുത്തമ്പിയുടെ വാളിരുന്നവീട് പടിഞ്ഞാറുണ്ട്. ഈ മലയൊക്കെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നെന്നും ഇനി എന്റെ നാടിന് ഞാനെന്തു പേരിടും എന്ന് ചോദിച്ചു പോകയാണ് കവി. നഷ്ടപ്പെട്ടുപോകുന്ന സംസ്കാരത്തിന്റെയും പ്രകൃതിയുടെയും വക്താവായി കവി മാറുന്നു. സ്റ്റാച്യൂ, സ്റ്റാച്യൂ എന്ന് പറഞ്ഞുള്ള ആധുനിക ബാലകേളിയെ കവി ജീവിതത്തിലൂടെ പ്രത്യക്ഷീകരിക്കുന്നുണ്ട്. കാലം നിശ്ചലമാകുന്ന, ഓർമ്മകൾ ചൂളം കുത്തിക്കുന്ന, കുത്ത്യാലും കുത്ത്യാലും മുറുകാത്ത മുണ്ടുമായി, ഒരു കാലത്തിന്റെ ശേഷിപ്പായ ഉളിയുമായി, മൂർച്ചകൂട്ടുന്ന കവിതയായി, ചിന്തയായി, ആകാശമായി, കാറ്റിനോളം പടർന്നലഞ്ഞ് വീശി, പ്രണയം പൂത്തുവിരിഞ്ഞ കാട്ടിൽ, വെയിലേറ്റ് രാജേഷിന്റെ കവിത വിരിയുന്നു. ആ കവിതകൾ കാലത്തിനൊപ്പം കലാപമായി, പുതുക്കലായി, പ്രകൃതിക്കു കൂട്ടായി നിൽക്കുന്നു.

'വാക്കുകളുടെ ക്രയവിക്രയങ്ങൾ
പുതുമണ്ണിൻ കൈക്കോട്ടുപോലെ
അറിയാതുള്ളിലേക്കാണ്ടുപോകും'

— *ആഴങ്ങളിലെ ചില മുറിവുകൾ*

ഭാഷയുടെ പ്രയോഗം ഇതുപോലെയാവണം എന്ന് തോന്നിപ്പോകും വിധമാണ് ഭാവന. 'ആഴങ്ങളിലുണ്ടാകുന്ന മുറിവുകൾ' കാല്പനികമായ ചില അടരുകളിലേക്ക് മാറുന്നുണ്ട്.

ഈ മുറിവുകൾ,
'ഉപേക്ഷിക്കപ്പെട്ട കിണറാഴങ്ങൾ പോലെ
തുന്നിച്ചേർക്കാനാവാത്ത ചില മുറിവുകൾ'

— *ആഴങ്ങളിലെ ചില മുറിവുകൾ*

ആണെന്ന് കവി തിരിച്ചറിയുന്നു. പൊട്ടക്കിണറ്റിൽ വീണു മരിക്കാനായി സ്വയം കരുതിവെച്ച വാക്കിന്റെ ആഴങ്ങൾ കവിയെ പിൻതുടരുന്നു. അങ്ങനെ കവിതയും കാലവും തന്റെ നാടും ഇപ്രകാരമാണെന്ന് കവി കരുതുന്നു. തകർന്നുവീഴുന്ന പ്രത്യയശാസ്ത്രങ്ങൾ കവിയുടെ പ്രമാണം തെറ്റിക്കുന്നു.

സ്വന്തം നാടിന്റെ രാഷ്ട്രീയസ്ഥിതിഗതികൾ ഒരു വിഹഗവീക്ഷണത്തിലൂടെ തിരിച്ചറിയുന്നവർ പ്രവാസികളാണ്. ഈ നാട്ടിലിരുന്നുകൊണ്ട്

നമ്മൾ അറിയുന്നതിനേക്കാൾ പരിവർത്തനങ്ങളെയും പരിണാമങ്ങളെയും അതിവേഗം തിരിച്ചറിയാൻ പ്രവാസികൾക്കു സാധിക്കുന്നു. കേരളത്തിന്റെയും മലയാളത്തിന്റെയും വളർച്ചയും തളർച്ചയും പതർച്ചയും അവർ അറിയുന്നു.

പാർട്ടി, സമുദായം എന്നൊക്കെ
പരിഷകൾ വെറുതേ പറയും,
വാലുവെന്ത നായെപ്പോലെന്ന് നാട്ടുകാർ
നടന്നിട്ടോ ഫലവുമില്ല,
നായക്കിരിക്കാൻ നേരവുമില്ലെന്നു വീട്ടുകാർ

– *പരിണാമത്തിന്റെ ചില പുനരന്വേഷണങ്ങൾ*

മാറിമാറി വരുന്ന സർക്കാരുകൾ വിദ്യാഭ്യാസത്തിന്റെയും കരിക്കുലത്തിന്റെയും കാര്യത്തിൽ യാതൊരു ശ്രദ്ധയും പുലർത്താത്തതിൽ കവിക്ക് അമർഷമുണ്ട്. 'നിഷ്കളങ്കത: കരിക്കുലത്തിൽ ഇല്ലാത്ത ചിലത്' എന്ന ഗദ്യാവിഷ്കാരം ഇതാണ് തെളിയിക്കുന്നത്. പാഠ്യപദ്ധതിയിൽ ധാരാളം കാര്യങ്ങൾ ഉറപ്പിച്ചു പറയുന്നുണ്ട്. എന്നാൽ നിഷ്കളങ്കത എന്നത് ആക്ഷേപഹാസ്യരൂപേണ കവി അവതരിപ്പിക്കുന്നു. ഏപ്രിൽ ഒന്നിന് മുഖ്യമന്ത്രി 'നിഷ്കളങ്കപ്രദേശ്' എന്ന് രാജ്യത്തെ നാമകരണം ചെയ്യാൻ പോകുന്നു എന്ന് കുറിക്കുമ്പോൾ കവിയുടെ അമർഷവും പ്രതിഷേധവും ദൃശ്യമാകുന്നതോടൊപ്പം ഈ കാഴ്ചകളിൽ അമർന്നിരുന്നു ചിരിക്കുന്ന വിദൂഷകനെയും കാണാം. കാവ്യകലയും അക്ഷരകലയും ഒത്തുനിൽക്കുന്ന പരീക്ഷണമാണ് 'കൈത്തോട്' എന്ന കവിത. ഇരുപത്തൊന്നക്ഷരം മാത്രമുള്ള ഈ കവിത കൈത്തോട് പോലെ ഒഴുകി വിശാലമായ അർത്ഥങ്ങൾ പങ്കിടുന്നു.

ചി
ത
റി
ത്തു
ടി
ച്ച്,
ത്തു
ള്ള
മ്പി

– *കൈത്തോട്*

'ടെക്വീല' എന്ന കാവ്യസമാഹാരം കവിത, ചിത്രം, വിവർത്തനം എന്ന ക്രമത്തിലാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഈ പുസ്തകത്തിന്റെ പ്രത്യേകത അതിൽ ചിത്രകലയും സർഗ്ഗാത്മകവിവർത്തനവും സംഗമിക്കുന്നു എന്നതാണ്. മറ്റൊന്ന് ഇതിലെ ഒരു കവിതയ്ക്കും പേരില്ല എന്നതാണ്. ഓരോ ആശയത്തേയും വിശദീകരിക്കാൻ നാലുവരി കവിതയും അതിന്റെ അമൂർത്തമായ ഒരു ചിത്രവും ഒപ്പം ഇംഗ്ലീഷ് വിവർത്തനവും. ഒരു പ്രവാസിയുടെ കവിതയ്ക്കു ചിത്രഭാഷ്യവും ഇംഗ്ലീഷ് വിവർത്തനവും അനിവാര്യമാണ് എന്നതും പ്രസക്തമാണ്. മലയാളഭാഷ അറിയാത്തവർക്ക് ചിത്രത്തിലൂടെയും, ചിത്രഭാഷ്യം അറിയാത്തവർക്ക് ഇംഗ്ലീഷ് വിവർത്തനവും പ്രയോജനപ്പെടും. അത് ഉത്തരാധുനികതയുടെ ഒരു പ്രത്യേകത കൂടിയാണ് പരീക്ഷണങ്ങളുടെ ശാല. എന്നുമാത്രമല്ല, മൂന്ന് കലാകാരന്മാരുടെ കൂട്ടായ്മയായും മാറുന്നു ഈ പുസ്തകം. പേരുതന്നെ ശ്രദ്ധേയമാണ് 'ടെക്വീല'. ഉന്മാദം പകരുന്ന ഒരു മദ്യം. ആദ്യ കവിതാസമാഹാരം 'ഉന്മത്തതകളുടെ ക്രാഷ്‌ലാന്റിംഗുകൾ' ആണെന്നത് ഇവിടെ ഓർക്കേണ്ടതാണ്. 'ടെക്വീല'യ്ക്ക് 'ചെറുതുകളുടെ കടലുന്മാദം' എന്ന കൂട്ടിച്ചേർക്കൽ കൂടിയാവുമ്പോൾ പുതുകവിതയുടെ മറ്റൊരുവശം അനാവൃതമാകുന്നു.

നീയും ഞാനുമടങ്ങുന്ന ഒരു ലോകത്തിന്റെ പാർശ്വത്തിലൂടെയാണ് ഇതിലെ വരികൾ ഒഴുകി തിരമാലയായി തിരിച്ചുപോകുവത്. പ്രണയത്തിന്റെയും കാല്പനികതയുടെയും ആണ്ടുപോകുന്ന ചില കല്പനകൾ കാണുന്നുണ്ടെങ്കിലും ഇതും ഒരുതരം പുതുക്കൽ തന്നെയാണ്. അവളുടെ ഉടലിനും തലയ്ക്കും കരിശ്ശുവരച്ചിടുന്ന ഭാവനയ്ക്കും.

"പലതായുടയുന്നുണ്ട്
നീയാം കണ്ണാടികളിൽ
തിരികെയൊന്നാവുന്നുണ്ട്
നിന്റെയസാന്നിദ്ധ്യങ്ങളിൽ"

*ശൂർപ്പണഖയുടെ പ്രണയസങ്കല്പം* നോക്കുക

മൂക്കും മുലയുമില്ലെങ്കിലെന്ത്
ശൂർപ്പണഖേ
നീയാണ് സുന്ദരി.
ഹൃദയഛേദത്തേക്കാൾ
മേലെയെന്താണ് പ്രണയമേ
നീയെനിക്ക് തന്നു മടങ്ങുക ?

കവിതയാകുന്ന കടലുപ്പിൽ ലയിച്ചുചേരുന്ന ഭാവനയാണ് രാജേഷിന്റെ കവിതകളെ അനന്യമാക്കുന്നത്. തന്റെ കുട്ടികൾക്ക് പേരിടാതെ,

രൂപത്തിലൂടെ തിരിച്ചറിയപ്പെടുത്തുന്ന ആശയങ്ങളാണ് ടെക്വീല–ചെറുതുകളുടെ കടലുന്മാദം എന്ന പുസ്തകത്തിലുള്ളത്. ചെറിയവയാണെങ്കിലും കടലോളം ആഴമുള്ള ചിലതിതിലുണ്ട്. തിരമാലപോലെ എപ്പോഴും അലയടിക്കുന്ന ഒന്ന്. ജീവിതത്തിന്റെ ഉപ്പുള്ള, സ്നേഹത്തിന്റെ നനവുള്ള കവിതകൾ.

ധ്യാനത്തിലുതിർന്ന പേച്ചുകളാണ് രാജേഷ് ചിത്തിരയുടെ 'ഉളിപ്പേച്ചുകൾ' എന്ന കവിതാസമാഹാരം. അമൂർത്തതയെ മൂർത്തമാക്കാൻ വെമ്പുന്ന ഈ കവി തന്റെ ഓരോ കവിതയ്ക്കും അപ്രതീക്ഷിതമായ അവസാനമാണ് എഴുതിച്ചേർത്തിരിക്കുന്നത്. ഉള്ളിലെ പേച്ചുകളാണോ, ഉളിപോലെ മൂർച്ചയുള്ള പേച്ചുകളാണോ എന്ന സംശയമേ വേണ്ട. രണ്ടും ചേർന്നതാണ് ഈ സമാഹാരത്തിലെ ഓരോ കവിതയും. ധ്യാനം, ഉണ്മ, പെണ്മ, കാമന എന്നിങ്ങനെ നാല് ഭാഗങ്ങളായിട്ടാണ് ഈ പുസ്തകം ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഭാരതീയസങ്കല്പ പ്രകാരം ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്ന് നാല് ആശ്രമങ്ങൾ ഉള്ളതുപോലെ ഈ കാവ്യത്തിന് നാല് ആശ്രമങ്ങൾ തന്നെയാണ് കവി കല്പിച്ചിരിക്കുന്നത്. മനുഷ്യാവസ്ഥകളുടെയും സാമൂഹ്യരാഷ്ട്രീയ ജീവിതത്തിന്റെയും വൈയക്തികസംഘർഷങ്ങളുടെയും അക്ഷരവിലാസങ്ങളാണീ കവിതകൾ.

ഇതിലെ ആദ്യകവിതയുടെ പേരുതന്നെ നമ്മുടെ ഭാരതീയ സ്വത്വബോധത്തെ മാറ്റിമറിക്കുന്നതാണ്. നാനാത്വത്തിൽ ഏകത്വം എന്നതിനെ മാറ്റിമറിച്ചിരിക്കുന്നു. ഏകത്വത്തിൽ നിന്ന് നാനാത്വത്തിലേക്ക് നീളുന്ന ധ്യാനത്തിന്റെ വഴികൾ ദാർശനികമായ ഒരുൾക്കാഴ്ചയോടെ പകർത്തുന്നു. പശു ഇവിടെ ഒരു ബിംബമാണ്. കവിയും പശുവും നന്നേ ചുവന്ന സന്ധ്യയിലാണ് പരസ്പരം നോക്കുന്നത്. നോക്കിനോക്കി ഇരിക്കുമ്പോൾ ശബ്ദവും പ്രകാശവും കെട്ടുപോകുന്നു. ഏകാന്തതയിലേക്ക് അവർ എറിയപ്പെട്ടു. പശുവിന് ഓർമ്മിക്കുവാൻ മറന്നുപോയ മന്ത്രങ്ങൾ ഉണ്ടായിരുന്നു. അതുകൊണ്ട് അയവിറക്കലിന്റെ പ്രത്യയശാസ്ത്രത്തിലേക്ക് അതിന് തലയാട്ടാൻ കഴിഞ്ഞു. പക്ഷേ കവിയ്ക്കാകട്ടെ, അക്ഷമയുടെ ചാക്രികതമാത്രം. മൂന്ന് ചലനത്തിലൂടെ പശുവിന് എല്ലാം തിരിച്ചെടുക്കാനായി. കവിയെ അക്ഷമ വീണ്ടും ഉച്ചവെയിലിലേക്ക് തള്ളിയിട്ടു.

പാരമ്പര്യത്തിന്റെ ഗ്രാമീണദൃശ്യങ്ങൾ കാക്കയിലും പശുവിലും കാണാം. അതൊക്കെ കടന്നുപോയിരിക്കുന്നു. നഷ്ടപ്പെട്ടുപോയ കാർഷികജീവിതത്തിന്റെ ശേഷിപ്പുമാത്രമാണ് ഈ ബിംബം. ഒഴുകിപ്പോയ തൊഴുത്തും ഇതാണ് സൂചിപ്പിക്കുന്നത്. പശുവിനോടുള്ള ഓരോ

ചോദ്യവും ശ്രദ്ധേയമാണ്. അക്ഷമനായ കവി അതിർത്തിവരെയെങ്കിലും ഓടിപ്പോവാത്തതെന്ത്? എന്ന് ചോദിച്ച പോവുകയാണ്. ഓരോ മനുഷ്യനും അനേകം കയറുകളാൽ ബന്ധിതരാണ്. വലിക്കുന്തോറും മുറുകിക്കൊണ്ടിരിക്കുന്ന ബന്ധനങ്ങളാണ് നമുക്കുള്ളത്. എന്നാൽ ആ ബന്ധനങ്ങളിൽ നിന്ന് മോചിതരാവാൻ സാധിക്കുന്നുമില്ല. ബന്ധനത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ തന്റെ പൂർവ്വകാലസമൃദ്ധികൾ പശുവിന് അനുഭവിക്കുവാൻ സാധിച്ചു. സ്നേഹത്തിന്റെ പാൽക്കടൽ ചുരന്നപ്പോൾ മൗനത്തിന്റെ ആകാശം അവർക്ക് ധ്യാനപ്രദേശമായി. ഒരിക്കലും വറ്റിയിട്ടില്ലാത്ത പുഴയുടെ ഓർമ്മയിൽ വീണ്ടും സമൃദ്ധിയുടെ മഴ ഉതിരുന്നതായി കവി അറിയുന്നു. ആ അറിവിന്റെ അലിവിൽ ജ്ഞാനോദയസ്ഥിതനാവുകയാണ് കവി. ഏകത്വത്തിൽനിന്ന് നാനാത്വങ്ങളെ തിരിച്ചറിയുന്നു. തിരിച്ചറിവിന്റെ ഈ നനവിൽ കവിയും ഗോവും 'ബുദ്ധോദനന്മാരായിത്തീരുന്നു. ഏവരാലും നിരീക്ഷിക്കപ്പെടുന്ന ജ്ഞാനമരത്തിൽ ബന്ധിതനായ അയാൾ ബന്ധനങ്ങൾ നിഴലുകളായിരുന്നുവെന്നും അറിഞ്ഞുണരുന്നു.

പശുവിന്റെ തലയാട്ടൽ, വാലാട്ടൽ, ചെവികൂർപ്പിക്കൽ, മിഴിയടക്കൽ എന്നീ പ്രയോഗങ്ങൾ അർത്ഥാന്തര സാധ്യതയുളവാക്കുന്നു. നിഗൂഢമായ മറ്റെന്തൊക്കെയോ അർത്ഥങ്ങൾ കവി ഈ കവിതയിലന്തസ്സന്നിവേശിപ്പിച്ചിട്ടുണ്ട്. രാഷ്ട്രീയവും സാംസ്കാരികവുമായുമുള്ള നിർദ്ധാരണങ്ങളിലൂടെ ഈ വിശകലനം സാധ്യമാകുന്നതാണ്.

ആകാശം ഒരിക്കലും നാം കാണുന്നതുപോലെയല്ല. എപ്പോഴും അത് മാറിക്കൊണ്ടിരിക്കും. 'ചിലപ്പോൾ പൂതുകൊണ്ടൽത്തമാലവിപിനം നീ, ചിലപ്പോൾ സിതമേഘമണലിൻ കടപ്പുറം, ചിലപ്പോൾ സന്ധ്യാരാഗസിന്ദൂരമണിയും നീ, ചിലപ്പോൾ വെറും ചാരം പരക്കെ പൂശീടും നീ' (കിളിക്കൊഞ്ചൽ) എന്ന് വള്ളത്തോൾ പാടിയത് അന്വർത്ഥമാണ്. ആയതിനാൽ ആകാശത്തെ ധ്യാനിക്കുന്നത് എങ്ങനെയൊക്കെയാണെന്ന് കവി ചിന്തിക്കുകയാണ് 'ആകാശധ്യാനം' എന്ന കവിതയിലൂടെ.

പാതി വായിച്ച നഷ്ടപ്പെട്ടുപോയ ഇഷ്ടപ്പെട്ട ഒരു പുസ്തകം പോലെയാണത്. കാരണം നഷ്ടപ്പെട്ടതിനെ തിരിച്ചുപിടിക്കുവാൻ യാതൊരു മാർഗ്ഗവുമില്ല. പൂർണ്ണമാക്കാൻ പറ്റാത്ത ഒന്നാണത് എന്നർത്ഥം. രണ്ടാമത്തെ ഉപമ ഒരു വാക്കിലേക്കാണ് കവി കൂട്ടിയോജിപ്പിക്കുന്നത്. തന്റെ മനോമുകുരത്തിൽ ഓർമ്മയുടെ ഞരമ്പിൽ എപ്പോഴും കരുതി വെച്ചിരുന്ന ഒരു വാക്ക് അത് ആരോടോ പറയാൻ ഒരുക്കി വെച്ചിരുന്നതാണ്. എന്നാൽ അവളെത്തുംമുമ്പ് നാവിൽ നിന്നിറങ്ങിയോടിപ്പോയി മൗനത്തിൽ സാന്ദ്രമാവും പോലെ. ഉരിയാടാതെപോയ വാക്കിനെപ്പോലെയാണ്

ആകാശധ്യാനം അതിരുകളില്ലാത്ത അനന്തതയിലേക്ക് പറന്നുപോയതിന്റെ സ്മൃതികൾ ഓർക്കും പോലെയാണ്, കൂട്ടുള്ളപ്പോഴും ഏകാന്തനാണെന്ന തോന്നൽപോലെ നിരർത്ഥമാണ് ആകാശധ്യാനം. ഒരു ഞൊടികൊണ്ട്, താൻ പിന്നിട്ട ദൂരമളക്കാൻ ശ്രമിക്കുന്ന കിളിയുടെ ധ്യാനവും അങ്ങനെ തന്നെ.

പ്രപഞ്ചം ഒരു നടനവേദിയാണ്. അവിടത്തെ നാട്യക്കാരാണ് നാമോരോരുത്തരും. ഈ നടനം അവസാനിപ്പിക്കുന്നതും ഒരു താണ്ഡവ നടനമാണ്. ഓരോ സമൃദ്ധിയുടെ ആഘോഷങ്ങളിലും അവൻ നമ്മിലേക്ക് ചേർന്നുവരും. കൂടെ നിൽക്കും. ഓരോ ചുവടുവയ്പ്പിലും ചിലങ്കയുടെ നാദത്തിലും അവൻ മുഴക്കത്തിന്റെ സൗന്ദര്യം ആവിഷ്കരിക്കുന്നു. മുദ്രകളിലൂടെ ശരീരചലനത്തിലൂടെ കണ്ണുകളിലൂടെ സംവദിക്കപ്പെടുന്നു. നമ്മുടെ ഉള്ളിൽത്തന്നെ ചിരിക്കുന്ന നർത്തകനാണത് എന്നു നാം തിരിച്ചറിയുന്നില്ല.

'നമ്മൾ ഒറ്റപ്പെട്ടവരാണ്
ഒറ്റപ്പെട്ടവന്റെ ഭാഷയാണ് നൃത്തം'
— *നർത്തകൻ*

എന്നത് പുതിയൊരു കാഴ്ചപ്പാടാണ്. നമ്മൾ കാഴ്ചക്കാരല്ല. നമ്മുടെ ഉള്ളിലും അനേകം നർത്തകരുണ്ട്. ഒന്നെന്നു തോന്നിപ്പിക്കുമെങ്കിലും പലതായി ഉടഞ്ഞ കണ്ണാടികളാണു നാം. തീർച്ചയായും ഒരു വ്യക്തിത്വത്തിന്റെ ബഹുമുഖങ്ങളാണ് ഈ വരികളിൽ കാണുന്നത്. നാം ഉടഞ്ഞ പ്രതിഫലനങ്ങളാണ്. വികാരത്തിന്റെ, ചിന്തയുടെ, വിചാരങ്ങളുടെ, അനുഭവങ്ങളുടെ എല്ലാത്തിലുമുപരി ബന്ധങ്ങളുടെ, ബന്ധനങ്ങളുടെ ചില്ലുകളാണ് മനുഷ്യൻ.

ഏകാന്തത, ഏകാനന്തത, ഏകാനാനന്തത എന്നൊക്കെ വായിക്കാവുന്ന 'ഏകാ (നാ) (ന) ന്തത' എന്ന കവിതയുടെ തലക്കെട്ടു തന്നെ പോസ്റ്റ് മോഡേൺ മുഖം പ്രദർശിപ്പിക്കുന്നു. വീടുവ(ര)യ്ക്കുന്നു എന്ന തലക്കെട്ടും ഇതുപോലെയാണ്. വീടു വയ്ക്കുന്നു എന്നും വീടു വരയ്ക്കുന്നു എന്നും വായിക്കാം.

'വീട് വീടിന്റെ നീളത്തിൽ നീണ്ടു നീണ്ടു
വീടുവിട്ടു പോവുന്നു'
— *വീടുവ(ര)യ്ക്കുന്നു*

അച്ഛനും മകനും എന്റെവീട് എന്റെവീട് എന്ന് അവകാശം പറയുമ്പോൾ വീടാകാതെ പോവുന്ന കൂടിതെന്ന് വീടു പറയുന്നു. മനുഷ്യൻ

സംസാരിക്കുന്നപോലെ തന്നെ വീടും സംസാരിക്കുന്നു. നമ്മുടേതല്ലാത്ത വീടുകൾ മാത്രമാണ് എല്ലായിടത്തും എന്നോർത്ത് കവി ദുഃഖിക്കുന്നു. സ്വാർത്ഥരായി മാറിക്കൊണ്ടിരിക്കുന്ന ലോകത്തെ കവി കാണുന്നു.

അടയാളം എന്നാൽ വെളിപ്പെടുത്തലുകളുടെയും വെളിച്ചപ്പെടുത്തലുകളുടെയും മറുകാണ്. ഉത്തരാധുനിക ലോകത്തിന്റെ എല്ലാ പ്രവേശകങ്ങളും തുറന്നിടുന്നതാണ് 'കോട്ടുവാ' എന്ന ഗദ്യം.

'പരിണാമങ്ങളെ വായിച്ചെടുക്കാനാവാത്ത
കണ്ണാടിയെന്ന് പരിചയപ്പെടുത്തുന്ന
ഓരോ ഇടത്താവളത്തിലും
മണ്ണ് അതിനെത്തന്നെ'

– *ഒരു തരിശുകണ്ണാടിയതിന്റെ ഭാവിയെ പാരായണം ചെയ്യുന്നത്.*

പ്രകൃതിയുടെയും പരിസ്ഥിതിയുടെയും മാറ്റം അളക്കാനാവാനറിയാതെ സ്വയം മറവിയായി മാറുന്ന മണ്ണ്, നഗരവത്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും അന്യാപദേശ രൂപേണയുള്ള ആഖ്യാനമാണ് 'നഗരം കാണുന്ന രണ്ടു കഴുതകൾ' എന്ന കവിത. പ്രകൃതിയും പുരുഷനും ഒന്നിച്ചുനിന്നിരുന്ന വർണ്ണാഭമായ കാലത്തുനിന്ന് എല്ലാ നന്മകളും നഷ്ടപ്പെട്ട കാലത്തിലെ കഴുതകളാണ് നാം എന്നു തിരിച്ചറിയുന്നു. 'ഇനി കാണുവാൻ കാഴ്ചകളില്ല', 'ചില അശുഭ ചിന്തകൾ', 'കൺടിയെപ്പറ്റിത്തന്നെ', 'നിഷ്കളങ്കത: കരിക്കലത്തിൽ ഇല്ലാത്ത ചിലത്.', 'ആകാശമുങ്ങാംകുഴികൾക്ക് ഒരു അടിസ്ഥാനരഹിത അനുബന്ധം' തുടങ്ങിയ കവിതകളിൽ പുതിയ കവിതയുടെ മുഖം ദർശിക്കാം. ആഖ്യാനത്തിൽ കഥയെപ്പോലെയാവുന്ന സന്ദർഭങ്ങൾ കവിതയിൽ വരുന്നത് ഈ തലക്കെട്ടിൽ പോലും ദൃശ്യമാണ്.

'ഒട്ടും സിമ്പിളല്ലാത്ത ഈ ജീവിതം', 'ലൈഫ് ഈസ് ബ്യൂട്ടിഫുൾ', 'ഉളിപ്പേച്ച്', 'ഇക്കോസിസ്റ്റത്തിലെ പ്രാപ്പിടിയന്മാർ', 'ഓം പർവ്വത്', 'എഞ്ചിൻ റൂമിലെ പെൺകുട്ടി', 'ഡേർട്ടി പ്യൂസി', 'പ്രണയത്തെക്കുറിച്ച് ചില മാർച്ചമാസ സ്ക്രിബ്ലുകൾ' ഇങ്ങനെ കവിതയുടെ പേരിൽ പലഭാഷകൾ ചേർത്തു പ്രയോഗിച്ച് (ഇംഗ്ലീഷ്, തമിഴ്, ഹിന്ദി) കവിതയ്ക്ക് പുതിയൊരു മാനം സൃഷ്ടിക്കുകയാണ് കവി. അതുപോലെതന്നെ ബ്രാക്കറ്റിൽ ചില അക്ഷരങ്ങൾ ഇട്ടും, -, / എന്നീ ചിഹ്നങ്ങൾ ഉപയോഗിച്ചും കവിത വ്യത്യസ്തമാക്കുന്ന രീതിയും കാണാം.

ആശയത്തിൽ മാത്രമല്ല, ഭാഷയിലും നിരന്തരം പുതുക്കലുകൾ നടത്തുന്ന കവിയാണ് രാജേഷ് ചിത്തിര. പുസ്തകരൂപത്തിൽ മാത്രമല്ല,

ബ്ലോഗിലും ഫേസ്ബുക്കിലും ഒക്കെ കവിതകൾ ധാരാളം എഴുതിക്കൊണ്ടിരിക്കുകയാണദ്ദേഹം. ഇതു കവിതയാണോ എന്ന് ചോദിക്കുവാൻ തോന്നുമെങ്കിലും ഇതാണ് കവിത എന്ന് പറയുവാനേ കഴിയുകയുള്ളൂ. എവിടെ തിരിഞ്ഞാലും കവികളെ തട്ടിയിട്ട് നടക്കുവാൻ സാധിക്കുന്നില്ല എന്ന് ഒരു വിമർശകൻ പറഞ്ഞതോർക്കുന്നു. അത്രത്തോളം കവികളും കവിതയും ഉണ്ടാകുന്ന ഈ കാലത്ത് കവിത പലവിധ രൂപത്തിൽ പ്രത്യക്ഷപ്പെടാം. കാല്പനികതയും ആധുനികതയും ഉത്തരാധുനികതയും എല്ലാത്തരം പ്രവണതകളും അതിൽ സംഗമിയാണ്. പ്രകൃതിയും പരിസ്ഥിതിയും ആത്മനിഷ്ഠതയും കടന്നുവരാം. സാമൂഹ്യവിമർശനവും രാഷ്ട്രീയ മുദ്രകളും വരാം. ഇന്ന് കവിത ബഹുമുഖമാണ്. ചിത്രത്തോടും ശില്പത്തോടും അത് ഒന്നുചേരുന്നു. കടലോളം ആകാശത്തോളം നിറയുന്നു. വർണ്ണാഭമാകുന്നു. എല്ലാത്തിനെയും അംഗീകരിച്ചുകൊണ്ട് ഉത്തരാധുനിക കവിത ഉന്മത്തയാകുന്നു, ക്രാഷ്ലാന്റിംഗുകൾക്കൊപ്പം കവിയും.

## സഹായക ഗ്രന്ഥങ്ങൾ

1. ഏകാന്ത നഗരങ്ങൾ : ഉത്തരാധുനിക മലയാള സാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രം - ഡോ. പി.കെ. രാജശേഖരൻ, ഡിസി ബുക്സ്, കോട്ടയം, 2015.
2. വയലറ്റുനാവിലെ പാട്ടുകൾ - ഡോ. ജി. ഉഷാകുമാരി, സൈകതം ബുക്സ്, കോതമംഗലം, 2016.
3. മുഹൂർത്തങ്ങൾ - സച്ചിദാനന്ദൻ, ഡിസി ബുക്സ്, കോട്ടയം, 2002.
4. ഉത്തരാധുനികത - വർത്തമാനവും വംശാവലിയും - കെ.പി അപ്പൻ, ഡിസിബുക്സ്, കോട്ടയം, 2000.
5. ഉന്മത്തതകളുടെ ക്രാഷ്ലാന്റിംഗുകൾ - രാജേഷ് ചിത്തിര, സൈകതം ബുക്സ്, കോതമംഗലം, 2011.
6. ടെക്വീല ചെറുതുകളുടെ കടലുന്മാദം - രാജേഷ് ചിത്തിര, പായൽ ബുക്സ്, കണ്ണൂർ 2014.
7. ഉളിപ്പേച്ച് - രാജേഷ് ചിത്തിര, ലോഗോസ് ബുക്സ്, പാലക്കാട്, 2016.